# കേരള സർവകലാശാല

നം.പി.ആർ.159/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### എം.ബി.എ രണ്ട്, നാല് സെമസ്റ്റർ, ബി.എച്ച്.എം – പുതുക്കിയ പരീക്ഷാതീയതികൾ

രണ്ടാം സെമസ്റ്റർ എം.ബി.എ ഡിഗ്രി (ഫുൾടൈം/യു.ഐ.എം/ട്രാവൽ ആന്റ് ടൂറിസം/റെഗുലർ – ഈവനിംഗ് (2014 സ്കീം – സപ്ലിമെന്ററി/2018 സ്കീം – റെഗുലർ ആന്റ് സപ്ലിമെന്ററി) 2020 ജൂലൈ 6 ന് തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ മാത്രം ട്രിപ്പിൾ ലോക്ഡൗൺ കാരണം മാറ്റിവെച്ച പരീക്ഷ സെപ്റ്റംബർ 8 ന് നടത്തുന്നതാണ്. വിദ്യാർത്ഥികൾ അവർ തെരഞ്ഞെടുത്ത പരീക്ഷാകേന്ദ്രത്തിൽ പരീക്ഷ എഴുതേണ്ടതാണ്. 2020 ജൂലൈ 8 ലെ മാറ്റിവച്ച പരീക്ഷ സെപ്റ്റംബർ 9 നും നടത്തുന്നതാണ്. എല്ലാ വിദ്യാർത്ഥികളും അവരവരുടെ കോളേജുകളിൽ പരീക്ഷ എഴുതേണ്ടതാണ്. സബ്സെന്ററുകൾ അനുവദിക്കുന്നതല്ല.

2020 ജൂലൈ 15 മുതൽ നടക്കേണ്ടിയിരുന്നതും കോവിഡ്–19 പശ്ചാത്തലത്തിൽ മാറ്റിവച്ചതുമായ നാലാം സെമസ്റ്റർ എം.ബി.എ ഡിഗ്രി (ഫുൾടൈം/യു.ഐ.എം/ട്രാവൽ ആന്റ് ടൂറിസം/റെഗുലർ – ഈവനിംഗ് (2014 സ്കീം – സപ്ലിമെന്ററി/2018 സ്കീം – റെഗുലർ) പരീക്ഷകൾ സെപ്റ്റംബർ 14 മുതൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം/ബി.എച്ച്.എം.സി.റ്റി) കോഴ്സിന്റെ ജൂലൈ 8, 10, 14 തീയതികളിൽ നടത്താനിരുന്ന മൂന്നാം സെമസ്റ്റർ പരീക്ഷകൾ യഥാക്രമം സെപ്റ്റംബർ 14, 16, 18 തീയതികളിൽ അതതു കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതാണ്.

### യു.ഐ.എം എം.ബി.എ കൗൺസിലിംഗ്

എല്ലാ യുഐഎം കേന്ദ്രങ്ങളിലേക്കും എംബിഎ കേന്ദ്രങ്ങളിലേക്കും എംബി.എ (2020–22) പ്രവേശനത്തിനുള്ള ഓൺലൈൻ, പേഴ്സണൽ കൗൺസിലിംഗ് ഐ.സി.എം പൂജപ്പുര (യു.ഐ.എം വർക്കല ഉൾപ്പെടെ), യു.ഐ.എം കൊല്ലം (യു.ഐ.എം കുണ്ടറയും പുനലൂറും ഉൾപ്പെടെ), യു.ഐ.എം അടൂർ, യു.ഐ.എം ആലപ്പുഴ എന്നിവിടങ്ങളിൽ നടക്കും കൗൺസിലിംഗിനായി വിദ്യാർത്ഥികൾക്ക് അടുത്തു

ളള കേന്ദ്രത്തിൽ പങ്കെടുക്കാം. ആഗസ്റ്റ് 27 ന്, പട്ടികയിൽ 1 മുതൽ 100 റാങ്കുകൾ വരെ സെപ്റ്റംബർ 3 ന് 101 മുതൽ 200 വരെയുള്ള റാങ്കുകൾ, സെപ്റ്റംബർ 4 ന് 201 മുതൽ 300 വരെ, സെപ്റ്റംബർ 5 ന് 301 മുതൽ 400 വരെ, സെപ്റ്റംബർ 7 ന് 401 മുതൽ 511 വരെ റാങ്കുകൾ. ഐ.എം.കെ റാങ്ക് പട്ടികയിൽ നിന്ന് പ്രവേശനം ലഭിക്കാത്തവരെ സെപ്റ്റംബർ 8 ന് യു.ഐ.എം നായി പരിഗണിക്കും.

ഓൺലൈനിൽ പങ്കെടുക്കാൻ താൽപര്യപ്പെടുന്നവർ സർട്ടിഫിക്കറ്റുകൾ പരിശോധിക്കുന്നതിന് ഒരു ദിവസം മുൻപ് ഏതെങ്കിലും ഒരു കേന്ദ്രവുമായി ബന്ധപ്പെട്ട് ഇ-മെയിലും എസ്.എം.എസും അയയ്ക്കുന്നു. ആശയവിനിമയം ലഭിക്കാത്തവർക്ക് കൂടുതൽ വിവരങ്ങൾക്ക് പ്രിൻസിപ്പൽ യു.ഐ.എം കൊല്ലം 9447556661 എന്ന നമ്പറിൽ ബന്ധപ്പെടാം.

## പരീക്ഷാകേന്ദ്രം

കേരള സർവകലാശാല റദ്ദാക്കിയ ജൂൺ 9 ന് നടന്ന അവസാന വർഷ ബി.കോം ആനുവൽ സ്കീം മാനേജ്മെന്റ് അക്കൗണ്ടിംഗ് പുന പരീക്ഷ ആഗസ്റ്റ് 26 നു നടത്തുന്നതാണ്. ഈ പരീക്ഷയ്ക്ക് ഗവ സംസ്കൃത കോളേജ് തിരുവനന്തപുരം എഴുതിയ എല്ലാ വിദ്യാർത്ഥികളും എസ്.എൻ കോളേജ്, ചെമ്പഴന്തിയിൽ പുന പരീക്ഷ എഴുതേണ്ടതാണ്.ക്രൈസ്റ്റ് നഗർ കോളേജ് മാറനല്ലൂരിൽ പരീക്ഷ എഴുതിയ രജിസ്റ്റർ നമ്പർ 3031501366, 3031601124, 3031701001 മുതൽ 3031701126 വരെയുള്ള വിദ്യാർത്ഥികൾ ക്രൈസ്റ്റ് നഗർ മാറനല്ലൂരിലും 30317011027 മുതൽ 3031701215 വരെയുള്ള വിദ്യാർത്ഥികളും , എല്ലാ സപ്ലിമെന്ററി വിദ്യാർത്ഥികളും ( രജിസ്റ്റർ നമ്പർ 1401026–1401498, 3031501005 –3031501399, 3031601005–3031601395, 91505–91519) മദർ തെരേസ കോളേജ് നെല്ലിക്കാടും പരീക്ഷ എഴുതേണ്ടതാണ്. സെന്റ്.സേവ്യേഴ്സ് കോളേജ്, തുമ്പ പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്ത എല്ലാ വിദ്യാർത്ഥികളും എം.ജി കോളേജ്, തിരുവനന്തപുരത്ത് പരീക്ഷ എഴുതേണ്ടതാണ്.ബാക്കിയുള്ള എല്ലാ വിദ്യാർത്ഥികളും അതതു പരീക്ഷ കേന്ദ്രങ്ങളിൽ പരീക്ഷ എഴുതേണ്ടതാണ്.

## പരീക്ഷാഫീസ്

2020 സെപ്റ്റംബറിൽ നടത്തുന്ന രണ്ടും നാലും സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ – ഐ.ഡി – റെഗുലർ, സപ്ലിമെന്ററി, മേഴ്സിചാൻസ് ഡിഗ്രി പരീക്ഷകൾക്ക് പിഴകൂടാതെ ആഗസ്റ്റ് 27 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 4 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 7 വരെയും ഓൺലൈൻ രജിസ്ട്രേഷൻ നടത്താം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2020 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.സി.എ ഡിഗ്രി പരീക്ഷകളുടേയും, 2019 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.സി.എ ഡിഗ്രി പരീക്ഷകളു

ടേയും (2010 & 2011 അഡ്മിഷൻ മേഴ്സിചാൻസ്, 2012 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 7. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ഓണം അവധി

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾ ഓണം അവധിക്കായി ആഗസ്റ്റ് 27 ന് വൈകുന്നേരം അടയ്ക്കുന്നതും അവധിക്കുശേഷം സെപ്റ്റംബർ 7 മുതൽ പ്രവർത്തനം ആരംഭിക്കുന്നതുമാണ്.

## പിഎച്ച്ഡി നൽകി

ബ്ലോസം ട്രീസ ബാസ്റ്റൻ (ഇല്ക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്), സനുകൃഷ്ണ എസ്.എസ് (മെക്കാനിക്കൽ എഞ്ചിനീയറിംഗ്), രമ്യ ആർ (സുവോളജി), ശിവകല എസ് (കെമസ്ട്രി), അശ്വതി കെ.എൽ (നഴ്സിംഗ്), രമ്യ കെ (എൻവിറോൺമെന്റൽ സയൻസസ്), സുനിൽ ചന്ദ്രൻ എസ്, പ്രീത എസ് പിള്ള, ശ്രീജ ദേവി വി.എം (കൊമേഴ്സ്), പ്രസാദ് ആർ (സോഷ്യോളജി), രാജേശ്വരി കെ.സി, വിമൽ കുമാർ പി.ജി, ഹരിത എം.കെ, ചിത്ര എസ്, പ്രിയലക്ഷ്മി ടി (എഡ്യൂക്കേഷൻ) എന്നിവർക്ക് പിഎച്ച്.ഡി നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
**24.08.2020**

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**